**ഭരണഭാഷ-മാതൃഭാഷ**

ഹയർ സെക്കന്ററി ഡയറക്ടറുടെ
കാര്യാലയം ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം

എസിഡി.സി4/25034/2014/എച്ച്.എസ്.ഇ തീയതി : 24.06.2014

## സർക്കുലർ

വിഷയം: ഹയർസെക്കന്ററി വിദ്യാഭ്യാസ വകുപ്പ് - സ്കൂൾ വാഹനങ്ങളുടെ സുരക്ഷ - നിർദ്ദേശങ്ങൾ പാലിക്കുന്നത് - സംബന്ധിച്ച് -

സൂചന : 11.06.2014 തീയതിയിലെ എസ്14/57350/2012 നമ്പർ തിരുവനന്തപുരം ജില്ലാ കളക്ടറുടെ കത്ത്

തിരുവനന്തപുരം ജില്ലയിൽ സ്കൂൾ വാഹനങ്ങളിലെ കുട്ടികളുടെ സുരക്ഷിതമായ യാത്രയ്ക്കും അപകടരഹിതമായ ഒരു അദ്ധ്യയന വർഷം നടത്തുന്നതിനുമായി റവന്യൂ പോലീസ് ട്രാൻസ്പോർട്ട് വിദ്യാഭ്യാസ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് 21.05.2014 തീയതി കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ വച്ച് ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ കൂടിയ മീറ്റിംഗിലെ തീരുമാനപ്രകാരം താഴെ പറയുന്ന നിർദ്ദേശങ്ങൾ എല്ലാ ഹയർസെക്കന്ററി സ്കൂൾ പ്രിൻസിപ്പാൾമാരുടേയും ശ്രദ്ധയിലേക്കായി പുറപ്പെടുവിക്കുന്നു.

1) എല്ലാ സ്കൂൾ ബസുകളും മഞ്ഞ നിറത്തിലുള്ളവയും സ്കൂൾ ബസ് എന്ന് മുന്നിലും പിന്നിലും രേഖപ്പെടുത്തിയവയുമായിരിക്കണം.

2) വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വാടക അടിസ്ഥാനത്തിൽ ഓടിക്കുന്ന വാഹനങ്ങളുടെ മുൻവശത്ത് **'ON SCHOOL DUTY'** എന്ന് രേഖപ്പെടുത്തിയിരിക്കണം.

3) എല്ലാ സ്കൂൾ വാഹനങ്ങളും പ്രത്യേകമായി ആർ.റ്റി.ഒ ഓഫീസുകളിൽ രജിസ്റ്റർ ചെയ്തിരിക്കണം. എല്ലാ ഡ്രൈവർമാരും പോലീസ്/മോട്ടോർ വാഹന വകുപ്പുകൾ നൽകുന്ന പരിശീലനം സിദ്ധിച്ചവരായിരിക്കണം.

4) പത്ത് വർഷം ഹെവി വാഹനങ്ങൾ ഓടിച്ച് പരിചയമുള്ളവരെ മാത്രമേ സ്കൂൾ കുട്ടികൾ യാത്ര ചെയ്യുന്ന ബസ്, വാൻ എന്നിവയിൽ ഡ്രൈവർമാരായി നിയമിക്കാവൂ എന്ന വ്യവസ്ഥ കർശനമായി പാലിക്കേണ്ടതാണ്. ഡ്രൈവർമാരുടെ ലൈസൻസ് പരിശോധിച്ച് അവർക്ക് ബാഡ്ജ് ലഭിച്ചിട്ടുണ്ട് എന്ന് ഉറപ്പാക്കേണ്ടതാണ്.

5) സ്കൂൾ വാഹനങ്ങൾ സ്കൂളിന് പുറത്ത് റോഡിൽ പാർക്ക് ചെയ്യുന്നത് ഒഴിവാക്കി സ്കൂൾ കോമ്പൗണ്ടിനകത്ത് പാർക്ക് ചെയ്യേണ്ടതാണ്.

6) കുട്ടികളെ സ്കൂളിലെത്തിക്കുന്ന വാടകയ്ക്കെടുത്ത വാഹനങ്ങൾക്ക് മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥർ നൽകിയിട്ടുള്ള സ്റ്റിക്കറും നമ്പറും ഉണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

7) ഇത്തരം വാഹനങ്ങളെ സംബന്ധിക്കുന്ന വിവരങ്ങൾ അതത് സ്കൂളിലെ എസ്.എസ്.ഒ/സ്കൂൾ ഗതാഗത സുരക്ഷാ നോഡൽ ഓഫീസർമാർ സൂക്ഷിക്കേണ്ടതാണ്.

8) സ്റ്റേഷൻ ഹൗസ് ഓഫീസർമാരും ആർ.റ്റി.ഒ-മാരും സമയാസമയങ്ങളിൽ നൽകുന്ന നിർദ്ദേശങ്ങൾ എസ്.എസ്.ഒ/ സ്കൂൾ ഗതാഗത സുരക്ഷാ നോഡൽ ഓഫീസർ പാലിക്കേണ്ടതാണ്.

9) സ്കൂൾ ഗതാഗത സുരക്ഷ സംബന്ധിച്ച ബോധവൽക്കരണ പരിപാടികൾ മോട്ടോർ വാഹന വകുപ്പ്, പോലീസ് വകുപ്പ് എന്നിവയുമായി ചേർന്ന് നടത്തേണ്ടതാണ്.

മേൽ പറഞ്ഞ നിർദ്ദേശങ്ങൾ എല്ലാ ഹയർസെക്കന്ററി പ്രിൻസിപ്പാൾമാരും കർശനമായി പാലിക്കേണ്ടതും ആയത് പാലിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

ജോയിന്റ് ഡയറക്ടർ (അക്കാഡമിക്)

23/Jay/18.06.14